ഡബ്ള്യു. എൽ 10-30100/2016

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വൈൽഡ്ലൈഫ് ഓഫീസ്
തിരുവനന്തപുരം
ഫോൺ: 0471-2321610, ഫാക്സ്: 2320554

**തീയതി : 24.09.2016**

## പത്രക്കുറിപ്പ്

## വന്യജീവി വാരാഘോഷം - 2016
## വിദ്യാർത്ഥികൾക്കായുള്ള മത്സരങ്ങൾ

ഒക്ടോബർ 2 മുതൽ 8 വരെ ആഘോഷിക്കുന്ന ഈ വർഷത്തെ വന്യജീവി വാരത്തോടനുബന്ധിച്ച് വന്യജീവി സംരക്ഷണ സന്ദേശം പ്രചരിപ്പിക്കുന്നതിനും അവയെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും മുൻ വർഷങ്ങളിലെപ്പോലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഒക്ടോബർ 2, 3 തീയതികളിലായി ജില്ലാതല മത്സരങ്ങളും, 8-ാം തീയതി സംസ്ഥാനതല മത്സരങ്ങളും നടത്തും. ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്കായി പ്രകൃതിയെയും, വന്യജീവികളെയും അടിസ്ഥാനമാക്കി പെൻസിൽ ഡ്രായിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും, ഹൈസ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്, ഉപന്യാസം, പ്രസംഗം, പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

എല്ലാ സർക്കാർ/എയിഡഡ്/അംഗീകൃത സ്വാശ്രയ സ്കൂളുകളിലെയും, കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാം. പ്ലസ് 1 തലം മുതൽ മുകളിലോട്ടുള്ളവർക്ക് കോളേജ് വിഭാഗത്തിൽ മത്സരിക്കാം. പ്രൊഫഷണൽ കോളേജുകൾക്കും മത്സരത്തിൽ പങ്കെടുക്കാം. രണ്ടു പേരടങ്ങുന്ന ഒരു ടീം ആയിരിക്കും ക്വിസ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. മറ്റു മത്സരങ്ങൾക്ക് രണ്ടു പേർക്കുവരെ ഓരോ സ്ഥാപനത്തെ പ്രതിനിധീകരിച്ച് ഓരോ മത്സരയിനത്തിലും പങ്കെടുക്കാം. പ്രസംഗ മത്സരവും ഉപന്യാസ മത്സരവും മലയാള ഭാഷയിലായിരിക്കും സംഘടിപ്പിക്കുന്നത്. ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും, ഓരോ മത്സരയിനത്തിലെയും ആദ്യ മൂന്നു സ്ഥാനം നേടുന്നവർക്ക് ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും നൽകുന്നു. ജില്ലാതല മത്സരങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവർ സംസ്ഥാന തല മത്സരങ്ങളിലേക്ക് യോഗ്യത നേടുന്നു. സംസ്ഥാനതല മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് ക്യാഷ് അവാർഡിനും, സർട്ടിഫിക്കറ്റിനും പുറമെ റോളിംഗ് ട്രോഫിയും സമ്മാനിക്കുന്നതാണ്. സംസ്ഥാന തല മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കും, അനുഗമിക്കുന്ന ഒരു രക്ഷകർത്താവിനും ഭക്ഷണവും താമസ സൗകര്യവും, സ്ലീപ്പർ ക്ലാസ് യാത്രാ ചെലവും നൽകുന്നതാണ്. ഈ വർഷത്തെ സംസ്ഥാനതല മത്സരങ്ങൾ **തേക്കടിയിൽ** വച്ചായിരിക്കും നടക്കുന്നത്.

| ജില്ലാതല മത്സരങ്ങളുടെ സമയ വിവരം | | |
|---|---|---|
| 02.10.2016 (ഞായർ) | രാവിലെ 9 മുതൽ | രജിസ്ട്രേഷൻ |
| | 9.30 മുതൽ 11.30 വരെ | പെൻസിൽ ഡ്രോയിംഗ് (എൽ.പി., യു.പി, ഹൈസ്കൂൾ, കോളേജ്) |
| | 11.45 മുതൽ 12.45 വരെ | ഉപന്യാസം (ഹൈസ്കൂൾ, കോളേജ്) |
| | 2.15 മുതൽ 4.15 വരെ | വാട്ടർ കളർ പെയിന്റിംഗ് (എൽ.പി., യു.പി, ഹൈസ്കൂൾ, കോളേജ്) |
| 03.10.2016 (തിങ്കൾ) | രാവിലെ 9 മുതൽ | രജിസ്ട്രേഷൻ |
| | 9.30 മുതൽ 11.30 വരെ | ക്വിസ് (ഹൈസ്കൂൾ) |
| | 11.30 മുതൽ 1.30 വരെ | ക്വിസ് (കോളേജ്) |
| | 2.00 മുതൽ 4.00 വരെ | പ്രസംഗം (ഹൈസ്കൂൾ, കോളേജ്) |
| സംസ്ഥാനതല മത്സരങ്ങളുടെ സമയ വിവരം | | |
| 08.10.2016 (ശനി) | രാവിലെ 8.30 ന് | രജിസ്ട്രേഷൻ |
| | 9.00 മുതൽ 11.00 വരെ | ക്വിസ് മത്സരം (ഹൈസ്കൂൾ വിഭാഗം) & പ്രസംഗ മത്സരം (കോളേജ് വിഭാഗം) |
| | 11.00 മുതൽ 1.00 വരെ | ക്വിസ് മത്സരം (കോളേജ് വിഭാഗം) & പ്രസംഗ മത്സരം (ഹൈസ്കൂൾ വിഭാഗം) |

**സംസ്ഥാനതല മത്സര വിജയികൾക്കുള്ള സമ്മാനദാനം 08.10.2016 ന് വൈകുന്നേരം 4.00 മണിക്ക് തേക്കടിയിൽവച്ച് നടക്കുന്ന സമാപന ചടങ്ങിൽ വച്ച് നൽകുന്നതാണ്.**

വിവരങ്ങൾ വനം വകുപ്പിന്റെ വെബ് സൈറ്റിൽ (**www.forest.kerala.gov.in**) ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് അതാതു ജില്ലകളിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുമായോ, സംസ്ഥാന ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ ഓഫീസുമായോ (ഫോൺ: 0471-2529319/ 0471 2529312/ 0471-2529323), ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയുമായോ (ഫോൺ: 0471 2529143/0471 2529144) ബന്ധപ്പെടേണ്ടതാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) &
ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ